"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പോത്തൻകോട് സെന്റ് തോമസ് യു.പി.എസ്. ലെ യു.പി.എസ്.റ്റി. ആയ ശ്രീമതി ലിജി പി.എ. യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3718/2026/GEDN　　തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:-

1. പട്ടം എം.എസ്.സി. സ്കൂൾസ് കറസ്പോണ്ടന്റ് സമർപ്പിച്ച 21/08/2025-ലെ റിവിഷൻ ഹർജി.
2. കണിയാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/11/2025-ലെ AEOKPM/723/2025-C നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06/11/2025, 27/04/2026 എന്നീ തീയതികളിലെ എഫ്1/21376/2025/ഡിജിഇ നമ്പർ കത്തുകൾ.
4. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07/11/2025-ലെ DEOTVM/1392/2025-B5 നമ്പർ കത്ത്.
5. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 12/11/2025-ലെ ഡിഡിഇ/4490/2025-ബി3 നമ്പർ കത്ത്.

**ഉത്തരവ്**

പോത്തൻകോട് സെന്റ് തോമസ് യു.പി.എസ്. ലെ യു.പി.എസ്.റ്റി. ആയ ശ്രീമതി ലിജി പി.എ. യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 13/11/2025 തീയതിയിൽ വാദം കേട്ടു.

2. കോർപ്പറേറ്റ് മാനേജരുടെ വാദം:

എം.എസ്.സി. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പോത്തൻകോട് സെന്റ് തോമസ് യു.പി. സ്കൂളിൽ 2016-17 അധ്യയന വർഷം അനുവദിച്ച അധിക തസ്തികയിൽ (യു.പി.എസ്.റ്റി) ശ്രീ. സാജൻ കെ.ഫെർണാണ്ടസിനെ 01/06/2017 മുതൽ യു.പി.എസ്.റ്റി. ആയി നിയമിക്കുകയും, ഈ നിയമനം 03/06/2024-ലെ സി/715646/2024 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 01/06/2018 മുതൽ ശ്രീ. സാജൻ കെ. ഫെർണാണ്ടസിനെ മറ്റൊരു റഗുലർ ഒഴിവിൽ മാറ്റി നിയമിച്ചിരുന്നു. ഈ നിയമനവും അംഗീകരിച്ചിട്ടുണ്ട്.

2016-17 വർഷത്തെ അധിക തസ്തികയിൽ നിന്നും ശ്രീ. സാജൻ കെ. ഫെർണാണ്ടസിനെ മാറ്റി നിയമിച്ച സ്ഥാപിത ഒഴിവിൽ 01/06/2018 മുതൽ ശ്രീമതി പ്രിജി ആന്റണിയെ യു.പി.എസ്.റ്റി. ആയി നിയമിച്ചു. ശ്രീമതി പ്രിജി ആന്റണിയുടെ നിയമനം

(യു.പി.എസ്.റ്റി.) 26/12/2024-ലെ സി/777310/2024 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്ന്, 06/06/2019 മുതൽ ശ്രീമതി പ്രിജി ആന്റണിയെ എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നുവെങ്കിലും, ടിയാൾക്ക് പി.എസ്.സി. വഴി നിയമനം ലഭിച്ചതിനാൽ എച്ച്.എസ്.റ്റി. തസ്തികയിൽ നിന്നും 10/12/2019-ൽ രാജിവച്ചു.

ടിയാളെ നിയമിച്ചിരുന്ന എച്ച്.എസ്.റ്റി. ഒഴിവ് സ്ഥാപിതമല്ലാത്തതിനാൽ എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റം നൽകിയ 06/06/2019 മുതൽ രാജി സമർപ്പിച്ച 10/12/2019 വരെയുള്ള ലാവണം പോത്തൻകോട് സെന്റ് തോമസ് യു.പി. സ്കൂളിൽ 2016-17 വർഷത്തെ അധിക തസ്ത്ികയിൽ ക്രമീകരിച്ച്/അംഗീകരിച്ച് 29/05/2025-ലെ സി/153/2025 നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രകാരം ലാവണം ക്രമീകരിക്കുന്നതിനുവേണ്ടി 2016-17-ലെ അധിക തസ്ത്ികയിൽ ശ്രീമതി പ്രിജി ആന്റണിയുടെ തുടർച്ചയായി 06/06/2019 മുതൽ നിയമിതയായിരുന്ന ശ്രീമതി ജീവയുടെ യു.പി.എസ്.റ്റി. നിയമനം 06/06/2019 മുതൽ 10/12/2019 വരെ റദ്ദു ചെയ്തിട്ടുണ്ട്.

11/12/2019 മുതൽ ശ്രീമതി ജീവയെ യു.പി.എസ്.റ്റി. തസ്തികയിൽ ശ്രീമതി പ്രിജി ആന്റണിയുടെ തുടർച്ചയായി നിയമിക്കുകയും ശ്രീമതി ജീവയുടെ യു.പി.എസ്.റ്റി. നിയമനാംഗീകാരത്തിനായി പരിഷ്കരിച്ച പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതുമാണ്. 11/12/2019 മുതൽ 14/07/2021 വരെ ശ്രീമതി ജീവ ഈ തസ്തികയിൽ തുടർന്നു. 15/07/2021 മുതൽ ശ്രീമതി ജീവയെ എച്ച്.എസ്.റ്റി. തസ്തികയിൽ സ്ഥാനക്കയറ്റ നിയമനം നൽകി പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസ്. -ൽ നിയമിച്ചു. 15/07/2021 മുതലുള്ള ശ്രീമതി ജീവയുടെ എച്ച്.എസ്.റ്റി. നിയമനം 14/03/2025-ലെ ബി3/819092/2025 ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രകാരം 2016-17 -ൽ അനുവദിച്ച അധിക തസ്തികയിൽ നിയമിതയായിരുന്ന ശ്രീമതി ജീവയുടെ 15/07/2021 മുതലുള്ള എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റ ഒഴിവിലാണ് ശ്രീമതി ലിജി പി.എ. യെ 15/07/2021 മുതൽ യു.പി.എസ്.റ്റി. ആയി നിയമിച്ചത്. 2016-17 -ൽ അനുവദിച്ച അധിക തസ്ത്ിക മൂന്ന് വർഷം തുടരുകയും, ഇപ്പോഴും ഈ അധിക തസ്തിക നിലനിൽക്കുന്നതിനാലും, 14/07/2021 വരെ ഈ അധിക തസ്തികയിൽ നിയമിതരായ എല്ലാ യു.പി.എസ്.റ്റി. അധ്യാപകർക്കും നിയമനാംഗീകാരം ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ തസ്തിക ഒഴിവ് ഒരു റഗുലർ ഒഴിവ് ആയി മാറിയിട്ടുണ്ട്.

(01.06.2020 മുതൽ ശ്രീമതി എലിസബത്ത് മാത്യുവിനെ ശ്രീമതി ജീവയുടെ സ്ഥാനക്കയറ്റ ഒഴിവിൽ യു.പി.എസ്.റ്റി. ആയി നിയമിച്ചിരുന്നുവെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ പ്രവൃത്തിക്കാത്തതിനാൽ പുതിയനിയമനങ്ങൾ പാടില്ലെന്ന് സർക്കാർ നിർദ്ദേശിക്കുകയും, അപ്രകാരം ശ്രീമതി എലിസബത്ത് മാത്യുവിന്റെ 01/06/2020-ലെ നിയമനം റദ്ദു ചെയ്യുകയും, 15/07/2021 മുതൽ ടിയാൾക്ക് മറ്റൊരു നിയമനം നൽകിയിട്ടുള്ളതുമാണ്. ഈ നിയമനം അംഗീകരിച്ചിട്ടുണ്ട്). ശ്രീമതി ലിജി പി.എ. യുടെ 15/07/2021 മുതലുള്ള യു.പി.എസ്.റ്റി. നിയമനം (2016-17 അധിക തസ്തിക) അംഗീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കണിയാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും 20/09/2021 തീയതിയിലെ സി/15867/2021 നമ്പർ ഉത്തരവ് പ്രകാരം നിയമനാംഗീകാരം നിരസിച്ചു.

<u>നിയമനാംഗീകാരം നിരസിക്കുന്നതിനുള്ള കാരണങ്ങൾ</u>

1. ശ്രീമതി എലിസബത്ത് മാത്യുവിന്റെ യു.പി.എസ്.റ്റി. നിയമനം (01/06/2020) അംഗീകരിച്ചിട്ടില്ല.

ഒഴിവ് സ്ഥാപിതമല്ലാത്തതിനാലും കോവിഡ് കാലയളവിലെ നിയമനം അംഗീകരിക്കാത്തതിനാലും ടിയാളുടെ 01/06/2020 -ലെ യു.പി.എസ്.റ്റി. നിയമനം റദ്ദ

ചെയ്തിട്ടുണ്ട്. ടിയാൾക്ക് 15/07/2021 മുതൽ അഞ്ചാമട സെന്റ് ജോൺസ് യു.പി.എസ്. -ൽ റഗുലർ നിയമനം നൽകുകയും, നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. ശ്രീമതി എലിസബത്ത് മാതൃവിനെ 15/07/2021 -ൽ ഏത്ര വിധേന വിടുതൽ നൽകി.

കോവിഡ് കാലയളവിൽ സ്ഥാനക്കയറ്റം നൽകിയ സീനിയർ ആയ ശ്രീമതി ജീവയുടെ നിയമനം അംഗീകരിക്കാത്തതിനാൽ ലാവണം ക്രമീകരിക്കുന്നതിനായി കോവിഡ് കാലയളവിൽ നിയമിച്ച ശ്രീമതി എലിസബത്ത് മാതൃവിന്റെ 01/06/2020 -ലെ നിയമനം റദ്ദ ചെയ്തു. 15/07/2021 മുതൽ ടിയാൾക്ക് മറ്റൊരു റഗുലർ ഒഴിവിൽ പുതിയ നിയമനം നൽകുകയും അത് അംഗീകരിക്കുകയും ചെയ്തു.

3. സീനിയറായ ശ്രീമതി റീത്താ സൂസൻ ജോണിന്റെ നിയമനം അംഗീകരിച്ചിട്ടില്ല.

ശ്രീമതി റീത്ത സൂസൻ ജോണിന്റെ 01/06/2016 മുതലുള്ള യു.പി.എസ്.റ്റി. നിയമനം 18/08/2025-ലെ സി/834696/2025 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ തടസവാദങ്ങൾ ഒന്നും ഇപ്പോൾ നിലവിലില്ല. ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ തിരുവനന്തപുരം ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ നൽകിയിരുന്നുവെങ്കിലും, 22/11/2021-ലെ ബി5/196257/2021 നമ്പർ ഉത്തരവ് പ്രകാരം അപ്പീൽ നിരസിച്ചു.

അപ്പീൽ നിരസിച്ച ഉത്തരവിനെതിരെ, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചുവെങ്കിലും, പ്രൊപ്പോസൽ നിരസിക്കുന്നതിനാധാരമായ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു എന്ന കാരണത്താലാണ് റിവിഷൻ അപ്പീൽ നിരസിച്ചത്.

ഉപജില്ലാ/ജില്ലാവിദ്യാഭ്യാസ ഓഫീസർ/പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയമനാംഗീകാരം നിരസിച്ചതിന് ആധാരമായി പറഞ്ഞിരുന്ന കാരണങ്ങൾ ഒന്നും ഇപ്പോൾ നലനിൽക്കുന്നില്ല. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ, പോത്തൻകോട് സെന്റ് തോമസ് യു.പി. സ്കൂളിൽ യു.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി ജീവയുടെ എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റ ഒഴിവിൽ (2016-17 അധ്യയന വർഷത്തെ അധിക തസ്തിക) 15.07.2021 മുതൽ യു.പി.എസ്.റ്റി. ആയി നിയമിതയായ ശ്രീമതി ലിജി പി.എ. യുടെ നിയമനം ഒരു റഗുലർ ഒഴിവിൽ ആയതിനാൽ (യു.പി.എസ്.റ്റി) 15.07.2021 മുതൽ അംഗീകരിക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഒന്നും നിലവിലില്ല.

ഭിന്നശേഷി സംവരണം/നിയമനത്തിനായി റോസ്റ്റർ പ്രകാരം ലഭിച്ച എല്ലാ ഒഴിവുകളും (18) എംപ്ലോയ്മെന്റിൽ സർക്കാർ നിർദ്ദേശപ്രകാരം അറിയിക്കുകയും, അപ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിച്ച ഒഴിവുകൾ സർക്കാർ നിർദ്ദേശപ്രകാരം ജില്ലാതല സമിതിയെ അറിയിച്ചിട്ടുണ്ട്.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.

പട്ടം എം.എസ്.സി. സ്കൂൾസിന്റെ അധികാരപരിധിയിൽ വരുന്ന സെന്റ് തോമസ് യു.പി.എസ്. പോത്തൻകോടിൽ 2017-18 ൽ നിലവിൽ വന്ന അഡീഷണൽ യു.പി.എസ്.ടി. പോസ്റ്റിൽ യു.പി.എസ്.ടി. ആയി ശ്രീമതി ലിജി പി.എ. യെ മാനേജർ 15/07/2021 മുതൽ നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം 2017-18 ലെ ടി അധിക ഡിവിഷൻ തസ്തികയിൽ ആദ്യം നിയമിച്ച ശ്രീമതി എലിസബത്ത് മാതൃവിന്റെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും, കൂടാതെ യു.പി.എസ്.റ്റി. വിഭാഗത്തിലെ സീനിയർ അവകാശികൾ നിയമനം കാത്തു നില്ക്കുന്നതിനാലും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ടി നിയമനം നിരസിച്ചു. ഇതിനെതിരെ മാനേജർ അപ്പീൽ സമർപ്പിക്കുകയുണ്ടായി. നിയമനം നിരസിക്കാനുണ്ടായ കാരണങ്ങൾ

നിലനിൽക്കുന്നതായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചതിനാൽ ശ്രീമതി ലിജി പി.എ. യുടെ നിയമനം നിരസിച്ചു നൽകി.

2016-17 വർഷം അനുവദിച്ച അധിക തസ്തികയിൽ 01/06/2018 മുതൽ ശ്രീമതി പ്രിജി ആന്റണിയെ യു.പി.എസ്.ടി. ആയി നിയമിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് ശ്രീമതി പ്രിജി ആന്റണിയെ 06/06/2019 മുതൽ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.ടി. ആയി നിയമിച്ചു. പ്രസ്തുത ഒഴിവിൽ 06/06/2019 മുതൽ ശ്രീമതി ജീവ എം. നെ നിയമിച്ചു. ശ്രീമതി പ്രിജി ആന്റണിയുടെ എച്ച്.എസ്.റ്റി. ആയിട്ടുള്ള സ്ഥാനകയറ്റത്തിന് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. ആയതിനാൽ ശ്രീമതി ജീവയെ നിയമിച്ചിരിക്കുന്ന ഒഴിവ് വ്യവസ്ഥാപിതമല്ല എന്ന കാരണങ്ങളാൽ 21/02/2025 ന് കണിയാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അതേ കാരണങ്ങൾ ചൂണ്ടികാട്ടി ജില്ലാ വിദ്യാഭ്യാസ ഓഫീസറും ടി നിയമനം നിരസിച്ചു നൽകി.

ശ്രീമതി പ്രിജി ആന്റണിയുടെ സ്ഥാനകയറ്റ നിയമനം അംഗീകാരം കിട്ടാതെ വന്നതിന്റെ അടിസ്ഥാനത്തിൽ 06/06/2019 മുതൽ 10/12/2019 വരെ ശ്രീമതി പ്രിജി ആന്റണിയുടെ ലാവണം സെന്റ് തോമസ് യു.പി.എസ്. ൽ ക്രമീകരിച്ചു. ആയതിനാൽ പ്രസ്തുത കാലയളവിലെ ശ്രീമതി ജീവ എം. ന്റെ നിയമനം മാനേജർ റദ്ദാക്കി. അതുകൊണ്ടുതന്നെ ശ്രീമതി ജീവയുടെ 06/06/2019 മുതലുള്ള നിയമനം അംഗീകരിക്കാൻ കഴിയില്ല. 11/12/2019 മുതൽ മാത്രമേ തസ്തിക സ്ഥാപിതമാകുന്നുള്ളൂ. അംഗീകാരമില്ലാതെ ജോലിയിൽ തുടർന്നിരുന്ന ശ്രീമതി ജീവയെ മാനേജർ സ്ഥാനകയറ്റം നൽകി എച്ച്.എസ്.ടി. ആയി നിയമിച്ചിട്ടുണ്ട്.

ശ്രീമതി ജീവയുടെ നിയമനം എ.ഇ.ഒ. യും ഡി.ഇ.ഒ.യും നിരസിച്ചതിന് എതിരെ മാനേജർ അപ്പീൽ സമന്വയ മുഖേന ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. ശ്രീമതി ലിജി പി.എ. യേക്കാൾ സീനിയർ അദ്ധ്യാപികയാണ് ശ്രീമതി ജീവ. ആയതിനാൽ സീനിയർ അദ്ധ്യാപികയായ ശ്രീമതി ജീവയുടെ നിയമനം പരിഗണിച്ച ശേഷം മാത്രമേ ശ്രീമതി ലിജി പി.എ. യുടെ നിയമനം പരിഗണിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ശ്രീമതി ജീവയുടെ യു.പി.എസ്.ടി നിയമനം കണിയാപുരം എ.ഇ.ഒ. 22/04/2026 ലെ സി 920085/2026 നം.ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/04/2026ലെ കത്ത് മുഖേനെ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

i. പോത്തൻകോട് സെന്റ് തോമസ് യു.പി. സ്കൂളിന് അനുവദിച്ച 2016-17 അധ്യയന വർഷത്തെ അധിക തസ്തികയിൽ നിയമിതയായിരുന്ന ശ്രീമതി ജീവയുടെ സ്ഥാനക്കയറ്റ ഒഴിവിൽ 15/07/2021 മുതൽ യു.പി.എസ്.ടി ആയിനിയമിതയായ ശ്രീമതി ലിജി പി.എ.യുടെ നിയമനം ഒരു റഗുലർ ഒഴിവിൽ ആയതിനാൽ നിയമന തീയതിയായ 15/07/2021 മുതൽ അംഗീകരിക്കണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

ii. 2016-17 -ൽ അനുവദിച്ച അധിക തസ്തികയിൽ നിയമിതയായിരുന്ന ശ്രീമതി ജീവയുടെ 15/07/2021 മുതലുള്ള എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റ ഒഴിവിലാണ് ശ്രീമതി ലിജി പി.എ. യെ 15/07/2021 മുതൽ യു.പി.എസ്.റ്റി. ആയി നിയമിച്ചത്.

iii. ശ്രീമതി ജീവയുടെ 15/07/2021 മുതലുള്ള എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റ നിയമനം തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 14/03/2025 ലെ ഉത്തരവ് നമ്പർ B3/819092/2025 നടപടിക്രമ പ്രകാരം അംഗീകരിച്ചിരിക്കുന്നു. ആയതിനാൽ തസ്തിക

വ്യവസ്ഥാപിതമാണ്.

iv. ശ്രീമതി ജീവയുടെ യു.പി.എസ്.ടി നിയമനം കണിയാപുരം എ.ഇ.ഒ. യുടെ 22/04/2026 ലെ സി/920085/2026 നം.ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്

5. 2016-17-ൽ അനുവദിച്ച അധിക തസ്തികയിൽ നിയമിതയായിരുന്ന ശ്രീമതി ജീവയുടെ 15/07/2021 മുതലുള്ള എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റ ഒഴിവിലാണ് ശ്രീമതി ലിജി പി.എ. യെ 15/07/2021 മുതൽ യു.പി.എസ്.റ്റി. ആയി നിയമിച്ചത്. 2016-17 -ൽ അനുവദിച്ച അധിക തസ്ത്ിക മൂന്ന് വർഷം തുടരുകയും, ഇപ്പോഴും ഈ അധിക തസ്തിക നിലനിൽക്കുന്നതിനാലും, 14/07/2021 വരെ ഈ അധിക തസ്തികയിൽ നിയമിതരായ എല്ലാ യു.പി.എസ്.റ്റി. അധ്യാപകർക്കും നിയമനാംഗീകാരം ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ തസ്തിക ഒഴിവ് ഒരു റഗുലർ ഒഴിവ് ആയി മാറിയിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ ശ്രീമതി ലിജി പി.എ. യുടെ 15/07/2021 മുതലുള്ള യു.പി.എസ്.ടി നിയമനം ശ്രീമതി ജീവയുടെ 15/07/2021 മുതലുള്ള എച്ച്.എസ്.റ്റി. സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിരിക്കുന്നതിനാലും ഒഴിവ് വ്യവസ്ഥാപിതമായതിനാലും ഭിന്നശേഷി നിയമന ഉത്തരവുകൾക്ക് വിധേയമായി മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. മേൽ പ്രകാരം എം.എസ്.സി. കോർപ്പറേറ്റ് മാനേജറുടെ റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

കറസ്പോണ്ടന്റ്, എം.എസ്.സി. സ്കൂൾസ്, സമന്വയ പാസ്റ്ററൽ സെന്റർ, സെന്റ് മേരീസ് കോമ്പൗണ്ട്, പട്ടം, തിരുവനന്തപുരം.
ശ്രീമതി ലിജി പി.എ., യു.പി.എസ്.റ്റി., സെന്റ് തോമസ് യു.പി.എസ്., പോത്തൻകോട്.
മാനേജർ, സെന്റ് തോമസ് യു.പി.എസ്., പോത്തൻകോട്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണിയാപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/174/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 02-06-2026 16:06:51

സെക്ഷൻ ഓഫീസർ